# GWLPS

# വാഴച്ചാൽ

# സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025-26

## ആമുഖം

തൃശ്ശൂർ ജില്ലയുടെ തെക്കുകിഴക്കേമൂലയിൽ മലകളും കുന്നുകളും താഴ്‌വരകളും നിബിഡ വനങ്ങളും അരുവികളും കൊണ്ട് പ്രകൃതി രമണീയമായ അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ പതിനേഴാം വാർഡിലാണ് ഈ വിദ്യാലയം സ്ഥിതിചെയ്യുന്നത്.

ആദിവാസി വിഭാഗത്തിൽപ്പെടുന്ന കുട്ടികളാണ് ഈ വിദ്യാലയത്തിലെ പഠിതാക്കൾ. 1960കളിൽ ഈ വിദ്യാലയം ഹോസ്റ്റലും സ്കൂളും ഒരുമിച്ചു ഒരു കെട്ടിടത്തിൽ പ്രവർത്തനമാരംഭിക്കുകയും അതിരപ്പിള്ളി ട്രൈബൽ സ്കൂൾ എന്നറിയപ്പെടുകയും ചെയ്തു.

1967 ആകുമ്പോഴേക്കും വിദ്യാലയം ഇല്ലാതാവുകയും ചെയ്തുവത്രേ! പിന്നീട് നീണ്ട 10 വർഷത്തിനുശേഷം മാത്രമാണ് 1978ൽ വീണ്ടും വിദ്യാലയം ഉണർന്നെഴുന്നേറ്റതായി രേഖകളിൽ കാണുന്നത്. അന്നത്തെ പഞ്ചായത്തു ഭരണ സമിതിയും സാമൂഹിക രാഷ്ട്രീയ രംഗങ്ങളിലെ പ്രമുഖരും ഇതിൽ

പ്രധാന പങ്കുവഹിച്ചതായി പറയപ്പെടുന്നു. ആൺകുട്ടികൾക്ക് മാത്രമുള്ള ഹോസ്റ്റൽ സൗകര്യമായതിനാൽ പെൺകുട്ടികളുടെ പ്രവേശനം പരിമിതമായേ ഇവിടെയുള്ളൂ.

## വിദ്യാലയ കാഴ്ചപ്പാട്

പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങൾ നിലനിൽക്കുകയും ശക്തിപ്പെടുകയും വൈവിധ്യവൽക്കരിക്കപ്പെടുകയും ചെയ്യേണ്ടത് അത്യാവശ്യമായി തീർന്നിരിക്കുന്ന ഒരു കാലഘട്ടമാണിത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം ഓരോ വിദ്യാർത്ഥിയുടെയും അവകാശമാണെന്ന തികഞ്ഞ ബോധ്യത്തോടെയാണ് ഞങ്ങളുടെ ഓരോ ചുവടുവയ്പ്പും. നിലവിലുള്ള രീതികൾ ഇനിയും ഏറെ മികവുറ്റതാക്കാനും കാര്യക്ഷമമാക്കാനും ആവശ്യമായ ഒട്ടേറെ പ്രവർത്തനങ്ങളാണ് ഞങ്ങൾ ലക്ഷ്യമാക്കുന്നത്.

ഈ വിദ്യാലയത്തിലെ മുഴുവൻ കുട്ടികൾക്കും അനുയോജ്യമായ വിധത്തിൽ ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകുക എന്നതു തന്നെയാണ് ഏറ്റവും പ്രധാന ലക്ഷ്യം. മലയാളം, ഇംഗ്ലീഷ് തുടങ്ങിയ ഭാഷകളുടെ നല്ല രീതിയിലുള്ള കൈകാര്യം ചെയ്യലും

ഗണിതാശയങ്ങളും ചതുഷ്ക്രിയകളും സ്വായത്തമാക്കലും പരിസ്ഥിതി ശാസ്ത്രം, ചരിത്രം തുടങ്ങിയ മേഖലകൾ താൽപര്യത്തോടെ പഠിക്കുകയും പരീക്ഷണങ്ങളിൽ ഏർപ്പെടുന്നതിനുമുള്ള പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

വരും വർഷങ്ങളിൽ വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിക്കുന്നതിനും നാട്ടുകാരായ രക്ഷിതാക്കൾ മറ്റൊരു വിദ്യാലയം തേടിപ്പോവാതിരിക്കുന്നതിനുമായി വിദ്യാലയത്തിൽ ഇനിയും വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും പ്രവർത്തനങ്ങളെക്കുറിച്ചും കൂടുതൽ കണ്ടെത്തലുകൾ നടത്തിയിട്ടുണ്ട്.

## ലഘുചരിത്രം

ചാലക്കുടിയിൽ നിന്ന് ആനമല റോഡുവഴി 15 കി.മി. കിഴക്കുമാറി 85 കിലോമീറ്ററോളം നീളത്തിൽ കിഴക്കുപടിഞ്ഞാറായി നീണ്ടുകിടക്കുന്ന അതിരപ്പിള്ളി പഞ്ചായത്തിലാണ് G.W.L.P.S സ്ഥിതി ചെയ്യുന്നത്. പഞ്ചായത്തു പ്രദേശത്തിന്റെ കിഴക്കേ അറ്റത്ത് കിടക്കുന്ന മലക്കപ്പാറയിലും പടിഞ്ഞാറേ അറ്റത്തുള്ള വെറ്റിലപ്പാറ പ്രദേശങ്ങളിലുമാണ് കാര്യമായ ജനവാസമുള്ളത്. മറ്റുപ്രദേശങ്ങളിൽ അങ്ങിങ്ങായി വിവിധ വിഭാഗങ്ങളിൽ പ്പെടുന്ന ഗിരിവർഗ്ഗക്കാർ കൂട്ടമായി താമസിക്കുന്നു. കാടർ, മലയർ, മുതുവർ, മന്നാൻ വിഭാഗത്തിൽ പ്പെടുന്നവരാണ് ആദിവാസികളിൽ ഭൂരിഭാഗവും.

അതിരപ്പിള്ളി പഞ്ചായത്തിലെ 7-ാം വാർഡിലാണ് ഈ വിദ്യാലയം സ്ഥിതി ചെയ്യുന്നത്. ചാലക്കുടിയിൽ നിന്ന് 36 കി.മീ. കിഴക്കോട്ടു സഞ്ചരിച്ചാൽ വാഴച്ചാൽ വെള്ളച്ചാട്ടമായി. അവിടെ നിന്ന് 100 മി. കിഴക്കു മാറി പ്രധാനറോഡിന്റെ ഇടതുവശത്തായി

സ്കൂൾ സ്ഥിതി ചെയ്യുന്നു. പട്ടിക വർഗ്ഗക്കാർക്കു വേണ്ടിയാണ് പ്രധാനമായും ഈ വിദ്യാലയം സ്ഥാപിച്ചത്. മറ്റുള്ളവർക്കും പ്രവേശനം നൽകി വരുന്നു. സ്കൂളിനോട് ചേർന്നുതന്നെ കുട്ടികൾക്ക് താമസിച്ചു പഠിക്കാനുള്ള പ്രീമെട്രിക് ഹോസ്റ്റലും സ്ഥിതി ചെയ്യുന്നു.

സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ ഗിരിജനങ്ങളുടെ ക്ഷേമത്തെക്കുറിച്ചും അവരുടെ വിദ്യാഭ്യാസ കാര്യങ്ങളെക്കുറിച്ചും സർക്കാർതലത്തിൽ ചിന്തിക്കാൻ തുടങ്ങിയതിന്റെ ഫലമായി ആദിവാസിമേഖലകളിൽ വിദ്യാലയങ്ങൾ സ്ഥാപിച്ചു അവർക്കു സാമാന്യ വിദ്യാഭ്യാസം മറ്റു ക്ഷേമ പരിപാടികൾക്ക് രൂപം നൽകി അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്താനും വേണ്ട നടപടികൾ ആരംഭിച്ചു. അതിന്റെ ഫലമായി വാഴച്ചാൽ പ്രദേശത്ത് ആദിവാസി കുട്ടികൾക്കായി ഒരു പ്രൈമറി വിദ്യാലയം ആരംഭിക്കാൻ സർക്കാർതലത്തിൽ തീരുമാനമെടുത്തു. വെൽഫെയർ ഡിപ്പാർട്ട്മെന്റിന്റെ അധീനതയിൽ 1960 കളിലാണ് ഈ വിദ്യാലയം ഇവിടെ ആരംഭിക്കുന്നത്.

ഞാൻ കാണുന്ന വാഴച്ചാൽ ഗവൺമെന്റ് വെൽഫെയർ എൽ. പി സ്കൂൾ പ്രവർത്തനം ആരംഭിക്കുന്നത് 11-12-1978-ലാണ്. അന്നത്തെ പഞ്ചായത്ത് ഭരണസമിതിയും സാമൂഹിക രാഷ്ട്രീയ രംഗങ്ങളിലെ പ്രമുഖരും പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. ആദ്യകാലത്ത് ഹോസ്റ്റലും വിദ്യാലയവും ഒരേ കെട്ടിടത്തിലാണ് പ്രവർത്തിച്ചിരുന്നത്. ആദ്യ വർഷം 1-ാം ക്ലാസിൽ 100 കുട്ടികൾ ചേർന്നതായി കാണുന്നു. എന്നാൽ അടുത്ത വർഷം മുതൽ മൊത്തം കുട്ടികളുടെ എണ്ണം 40നും 50നും ഇടയിലായി ചുരുങ്ങി.

ഹോസ്റ്റലിൽ താമസിക്കുന്ന കുട്ടികളുടെ എണ്ണം 40 എന്നാക്കി നിജപ്പെടുത്തിയത് കൊണ്ടാകാം കുട്ടികളുടെ എണ്ണം കുറഞ്ഞു വരുന്നത്. ആൺകുട്ടികൾക്ക് മാത്രമേ ഹോസ്റ്റലിൽ പ്രവേശനമുള്ളൂ. ഇവർക്കു പുറമെ ചുറ്റുപാടുമുള്ള കുട്ടികൾക്കും വിദ്യാലയത്തിൽ പ്രവേശനമുണ്ട്. എന്നാൽ പുറമെ നിന്നും അധികമാരും വരാറില്ല. വർഷത്തിൽ മൂന്നോ നാലോ പേർമാത്രം. അവരിൽ ഒന്നോ രണ്ടോ പെൺകുട്ടികളും വരാറുണ്ട്

## പൊതുലക്ഷ്യങ്ങൾ

1. സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠന ശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക
2. എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ് ഭാഷകളിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പു വരുത്തുക.
3. മലയോര മേഖലകളിലെ സാമ്പത്തികമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ മുഖ്യധാരയിലേക്ക് കൊണ്ടുവരിക.
4. രാജ്യത്തിന്റെ അഭിമാനത്തിനും പുരോഗതിക്കും അനുയോജ്യമായ പൗരൻമാരെ വാർത്തെടുക്കുന്നതിന് മതനിരപേക്ഷ ജനാധിപത്യമൂല്യങ്ങൾ ഉയർത്തിപ്പിടിച്ചു കൊണ്ടുള്ള വിദ്യാഭ്യാസം ഉറപ്പു വരുത്തൽ
5. പ്രദേശത്തിന്റെ പ്രത്യേകമായ സാമൂഹിക പിന്നോക്കാവസ്ഥ മുൻനിർത്തി കൗൺസിലിംഗ് സൗകര്യം സ്കൂളിൽ ഏർപ്പെടുത്തുക.
6. പ്രദേശത്തിന്റെ പ്രത്യേകമായ സാമൂഹിക സാഹചര്യം മുൻനിർത്തി ലക്ഷ്യബോധമുള്ളവരായി മാറുന്നതിൽ വേണ്ടുന്ന പ്രവർത്തനങ്ങൾ ഉറപ്പുവരുത്തൽ.

7. സർഗ്ഗപരമായ എല്ലാ കഴിവുകളും വികസിപ്പിക്കുന്നതിനായി കലാകായിക മേളകളും ക്ലാസുകളും സംഘടിപ്പിക്കുക.

8. എല്ലാ ക്ലാസ് മുറികളും ഹൈടെക് ആക്കുക

9. പാരിസ്ഥിതിക സൗഹൃദ അന്തരീക്ഷം സ്കൂളിൽ രൂപപ്പെടുത്തുക.

10. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ അടിസ്ഥാന നിർവഹണഘടകമാണ് വിദ്യാലയങ്ങൾ. അതിനാൽ ഓരോ വിദ്യാലയങ്ങളും മികവിന്റെ കേന്ദ്രങ്ങളായി മാറണം. അങ്ങനെ അയൽപക്ക സമൂഹത്തിലെ വിദ്യാർത്ഥികളെല്ലാം അവിടെ എത്തിച്ചേരുകയും വേണം. ഇതു സാധിക്കണമെങ്കിൽ വിദ്യാലയത്തെ ഭൗതികമായും അക്കാദമികമായും ഉന്നതിയിൽ എത്തേണ്ടതുണ്ട്. ഇതിനായി വിദ്യാലയവുമായി ബന്ധപ്പെട്ടുന്നവരെല്ലാം ഭാഗമാവേണ്ടതുണ്ട്. നിലവിലുള്ള പി.ടി.എ, എസ്.എം.സി, എം.പി.ടി.എ തുടങ്ങിയ സമിതികൾക്കൊപ്പം പൂർവ വിദ്യാർത്ഥി സംഘടന, സ്കൂൾ പരിധിയിലുള്ള ജനപ്രതിനിധികൾ, രാഷ്ട്രീയ സാമൂഹിക പ്രസ്ഥാനങ്ങൾ, വ്യക്തികൾ എന്നിവരെല്ലാം ഉൾപ്പെടുന്ന വികസന സമിതി രൂപീകരിക്കേണ്ടത് ആവശ്യമാണ്. നാട്ടിലെ വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കുക എന്നതായിരിക്കണം ലക്ഷ്യം.

## നിലവിലെ അവസ്ഥാ വിശകലനം

### അക്കാദമികം

കുട്ടികളുടെ ഭാഷാശേഷി, ഗണിതശേഷി വികസനത്തിനാവശ്യമായ പ്രവർത്തനങ്ങൾക്കു മുൻതൂക്കം നൽകുന്നു. ഇംഗ്ലീഷ് പഠനപരിപോഷണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. സ്കൂൾ അസംബ്ലിയിലെ വൈവിധ്യമാർന്ന പ്രവർത്തനങ്ങളിലൂടെ കുട്ടികളുടെ വായനശേഷി വികസിപ്പിക്കുന്നു. ക്ലബ്ബുകളുടെ പ്രവർത്തനം വളരെ നല്ല രീതിയിൽ നടക്കുന്നുണ്ട്. എല്ലാ ക്ലാസിലും കുട്ടികളുടെ വായന മെച്ചപ്പെടുത്തുന്നതിനായി വായനാമൂലയുണ്ട്. ദശപുഷ്പങ്ങളുടെയും നാട്ടുപൂക്കളുടെയും പ്രദർശനം കുട്ടികൾക്ക് പുതിയ അനുഭവമായി.

വായന, ലേഖനം എന്നിവയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് അക്ഷരക്കളരി എന്ന പ്രവർത്തനം നടത്തിവരുന്നു. അതിലൂടെ പിന്നോക്കക്കാരെ മുൻനിരയിലെത്തിക്കാമെന്നു പ്രതീക്ഷിക്കുന്നു.

മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ.

പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങൾ നിലനിർത്തുകയും ശക്തിപ്പെടുത്തുകയും വൈവിധ്യവൽക്കരിക്കപ്പെടുകയും ചെയ്യേണ്ടത് അത്യാവശ്യമായിത്തീർന്നിരിക്കുന്ന കാലഘട്ടമാണിത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം ഓരോ കുട്ടിയുടെയും അവകാശമാണ്. അതിനാൽ വിദ്യാലയത്തിലെ മുഴുവൻ കുട്ടികൾക്കും അനുയോജ്യമായ വിധത്തിൽ ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകുക എന്നതുതന്നെയാണ് ഏറ്റവും പ്രധാന ലക്ഷ്യം. മലയാളം, ഇംഗ്ലീഷ് ഭാഷകളുടെ നല്ല രീതിയിലുള്ള കൈകാര്യം ചെയ്യലും ഗണിതാശയങ്ങളും ചതുഷ്ക്രിയകളും സ്വായത്തമാക്കലും പരീക്ഷണങ്ങളിലേർപ്പെടുന്നതിനും കുട്ടികൾക്ക് പരിശീലനം നൽകുന്നു.

# വിദ്യാലയം മികവിന്റെ കേന്ദ്രം

ഓരോ വിദ്യാലയവും മികവിന്റെ കേന്ദ്രങ്ങളാകണം. അതിലൂടെ മുഴുവൻ കുട്ടികൾക്കും അറിവിന്റെ ഉയർന്ന തലങ്ങളിലേക്ക് എത്താൻ സഹായകമായ പഠനാവസരം ലഭ്യമാകും. അവസര തുല്യത സാമൂഹിക നീതി, ഗുണത എന്നിവ ഉറപ്പാക്കുന്ന പഠനപരിസരവും പഠനാന്തരീക്ഷവും വികസിക്കും. ആദിവാസി മേഖലകളിലെ കുട്ടികൾക്ക് മെച്ചപ്പെട്ട പഠന നില കൈവരിക്കാൻ സാധിക്കും. വിദ്യാലയം ഒരു പാഠപുസ്തകമായി മാറും. വിദ്യാലയത്തിൽ കുട്ടികൾക്ക് കളിക്കാനായി കളിയുപകരണങ്ങൾ വന്നതോടെ കുട്ടികൾ മടി കാണിക്കാതെ സ്കൂളിൽ വരാൻ തുടങ്ങിയിട്ടുണ്ട്. വിദ്യാലയ പ്രവർത്തനങ്ങൾ കൂടുതൽ ആകർഷകമാക്കിയും പിന്തുണ നൽകിയും കൊഴിഞ്ഞുപോക്കില്ലാത്ത അവസ്ഥ സൃഷ്ടിക്കും.

## അക്കാദമിക ലക്ഷ്യങ്ങൾ

- ഭാഷാശേഷി വികസനം
- ഗണിത ശേഷി വികസനം
- ഇംഗ്ലീഷ് പഠന പരിപോഷണം
- പരിസ്ഥിതി പഠനം.
- മെച്ചപ്പെട്ട വിദ്യാഭ്യാസം
- ലൈബ്രറി ശാക്തീകരണം
- പ്രവർത്തി പരിചയ പഠനം.
- കായിക പഠനം.
- കലാ പഠനം.

# മലയാളം

| Sl No: | Programme | Activity | Duration | ഭൗതികം | ചിന്തനം. |
|---|---|---|---|---|---|
| 1. | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ. | 1. Pretest<br>2. അക്ഷരം ഉറപ്പിക്കൽ<br>3. ചിഹ്നങ്ങൾ ഉറപ്പിക്കൽ<br>4. അക്ഷര കാർഡ്<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്കുകൾ നിർമ്മിക്കുക.<br>7. വാക്യങ്ങൾ നിർമ്മിക്കൽ<br>8. ചിത്രം - അടിക്കുറിപ്പ്<br>9. ചിത്രം- കഥ പറയൽ<br>10. കഥ - ബാക്കി എഴുതൽ<br>11. കഥാപുസ്തകം നൽകൽ<br>12. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ്.<br>13. ടാസ്കിന് ബുക്ക് പഠനപ്രവർത്തനങ്ങൾ. | 4. മാസം ആദ്യം സെപ്തം-ബർ | പുസ്തകങ്ങൾ കാർഡുകൾ ICT | അധ്യാപകർ |

| Sl No | Programme | Activity | Duration | ഭൗതികം | ചുമതല |
| --- | --- | --- | --- | --- | --- |
| 2. | കുട്ടികളെ മികച്ച വായനക്കാരാക്കുക. | 1. ക്ലാസ് വായനാക്കൂട്ടം രൂപീകരിക്കൽ.<br>2. വായനാമൂല. ക്ലാസ് ലൈബ്രറി രൂപീകരിക്കൽ<br>3. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>4. വായനോത്സവം. സംഘടിപ്പിക്കൽ<br>5. പത്രവായന<br>6. അമ്മവായന<br>7. വായനാനുഭവങ്ങൾ പങ്കുവെയ്ക്കൽ.<br>8. വായനാ കുറിപ്പ്.<br>9. ബാലസഭ.<br>10. ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും.<br>11. അന്യാദൃശമായ വായന. | 6. മാസം | ക്ലാസ് ലൈബ്രറി<br>സ്കൂൾ ലൈബ്രറി<br>പത്രങ്ങൾ<br>വായനാമുറി<br>കമ്പ്യൂട്ടർ. | അധ്യാപകർ. |

# ഗണിതം

| Sl No: | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1. | ചതുഷ്ക്രിയകൾ ഉറപ്പിക്കൽ | 1. കളികൾ - ലൂഡോ, പാമ്പും കോണിയും മുതലായവ.<br>2. മുത്തുമാല, കമ്പുകൾ വിവരപ്പെട്ടിക എന്നിവ ഉപയോഗിച്ച് ക്രിയകൾ ഉറപ്പിക്കുന്നു. | 4-മാസം | കളിയുപകരണങ്ങൾ മുത്തുകൾ കമ്പുകൾ | ഗണിത അധ്യാപിക |
| 2. | ഗണിത താൽപര്യം വർദ്ധിപ്പിക്കൽ | 1. ഗണിത പാട്ടുകൾ ചാർട്ടുകൾ എന്നിവയുടെ നിർമാണം.<br>2. ഗണിതവുമായി ബന്ധപ്പെട്ട വ്യക്തികളെ പരിചയപ്പെടുത്തുന്നു. | 4-മാസം | വീഡിയോ, പ്രദർശനം ചാർട്ട് കളർ പേപ്പർ | അധ്യാപിക |
| 3. | ഗണിതലാബ് | 1. കുട്ടികളുടെയും രക്ഷാകർത്താക്കളുടെയും സഹായത്തോടെ ഗണിതവുമായി ബന്ധപ്പെട്ട ജ്യാമിതീയ രൂപങ്ങൾ, അബാക്കസ് എന്നിവ അതാതു ക്ലാസുകൾക്കു അനുയോജ്യമായ രീതിയിൽ രൂപപ്പെടുത്തുന്നു. | 1-വർഷം | ഗണിത ക്ലബ്ബ് | അധ്യാപകർ PTA |

| Sl No. | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 4 | ഉത്തരപ്പെട്ടി | 1. ഗണിത പ്രശ്നങ്ങൾ, സ്കൂൾ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നു. കുട്ടികൾ ഉത്തരം കണ്ടെത്തി പെട്ടിയിൽ നിക്ഷേപിക്കുന്നു. വിജയികളെ കണ്ടെത്തി പ്രഖ്യാപിക്കുന്നു. | ആഴ്ചയിലൊരിക്കൽ | ലൈബ്രറി | അധ്യാപിക |
| 5 | നിർമ്മാണം - നിത്യജീവിതവുമായി ബന്ധപ്പെടുത്തി ഗണിത പഠനം | 1. തൊഴിലിടങ്ങൾ സന്ദർശിക്കൽ<br>2. പ്രകൃതിയിലെ ഗണിതം കണ്ടെത്തൽ<br>3. അടുക്കള ഗണിതം<br>4. വീട്ടു ഗണിതം എന്നിവ | വർഷം മുഴുവൻ | | അധ്യാപിക<br>P.T.A. |

# പരിസര
# പഠനം

## പരിസ്ഥിതിപഠന മികവിന് നിരന്തരമെടുക്കുന്ന പ്രവർത്തനങ്ങൾ.

| Sl NO: | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| 1 | കുട്ടികളിൽ ശാസ്ത്രീയ അഭിരുചി വളർത്തുക | പരിസര നിരീക്ഷണം. ലഘുപരീക്ഷണങ്ങൾ, അവയുടെ അവതരണം എന്നിവ ക്രമമായി ബുക്കിൽ രേഖപ്പെടുത്തുക. | വർഷം മുഴുവൻ (ആഴ്ചയിൽ ഒരു ദിവസം) | ക്ലാസ് ടീച്ചർ |
| 2 | കേരളം, ഇന്ത്യ പരിചയപ്പെടൽ | സിഡികൾ സാങ്കേതിക വിദ്യയുടെ ഉപയോഗം ചിത്രങ്ങൾ എല്ലാവരും കാണുന്ന രീതിയിൽ ക്ലാസിൽ പ്രദർശിപ്പിക്കുക. | വർഷം മുഴുവൻ ഓരോ മാസവും ഒരു തവണ. | ക്ലാസ് ടീച്ചർ |
| 3 | പക്ഷി വളർത്തൽ കേന്ദ്രം പരിചയപ്പെടൽ | പക്ഷിവളർത്തൽ കേന്ദ്രം സന്ദർശിച്ചു നിരീക്ഷണക്കുറിപ്പ് തയ്യാറാക്കൽ. ചർച്ച. | വർഷത്തിലൊരിക്കൽ | ക്ലാസ് ടീച്ചർ |

| | | | | |
|---|---|---|---|---|
| 4 | പൊതു സ്ഥാപനങ്ങൾ പരിചയപ്പെടൽ | ഓരോ പൊതുസ്ഥാപനത്തിന്റെയും ഉദ്ദേശത്തിന് തക്ക അവയുടെ പ്രവർത്തനങ്ങൾ എഴുതുന്നു. പൊതുസ്ഥാപന സന്ദർശനം. I.C.T. | 1 വർഷം (ഓരോ മാസവും ഒരു തവണ) | ക്ലാസ് ടീച്ചർ. |
| 5 | ജൈവ വൈവിധ്യ പാർക്ക് നിർമ്മാണം ഔഷധ സസ്യത്തോട്ട നിർമ്മാണം. | ദശപുഷ്പ പ്രദർശനം, നാട്ടുപൂക്കൾ പ്രദർശനം. ഔഷധ സസ്യങ്ങൾ നട്ടുവളർത്തുന്നു. | June, July, Aug, Sep | P.T.A |
| 6 | ജീവികളുടെ സഞ്ചാര രീതി നിരീക്ഷിക്കൽ. | പരിസരപ്രദേശങ്ങളിലെ ജീവികളുടെ സഞ്ചാരരീതികൾ നിരീക്ഷിക്കൽ. | വർഷത്തിൽ ഒരിക്കൽ. | ക്ലാസ് ടീച്ചർ |

# English

ഇംഗ്ലീഷ് ഭാഷാ പഠന മികവിന് തിരഞ്ഞെടുക്കുന്ന പ്രവർത്തനങ്ങൾ.

| Sl NO: | ലക്ഷ്യം | പ്രവർത്തനങ്ങൾ. | കാലം | |
|---|---|---|---|---|
| 1 | ഇംഗ്ലീഷ് പഠനാഭിരുചി സൃഷ്ടിക്കൽ. | ക്ലാസ് മുറിക്കുള്ളിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ, പുസ്തകങ്ങൾ എന്നിവയുടെ ശേഖരണം ഒരുക്കൽ. കുട്ടികൾക്ക് കാണാവുന്ന തരത്തിൽ ക്ലാസ് മുറിയുടെ ഭിത്തിയിൽ ഇംഗ്ലീഷ് വാക്കുകൾ പ്രദർശിപ്പിക്കുന്നു. | ആഴ്ചയിൽ മൂന്ന് ദിവസം | ക്ലാസ് ടീച്ചർ |
| 2 | തെറ്റില്ലാതെ ആത്മവിശ്വാസം ഇംഗ്ലീഷ് ഉപയോഗിക്കുന്നതിനുള്ള ശേഷി നേടൽ. | സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ് നടത്തുന്നു. letter's sound ക്രമമായി പഠിക്കുന്നു. വായിക്കാൻ പഠിക്കുന്നു. | ആഴ്ചയിൽ രണ്ട് ദിവസം | ക്ലാസ് ടീച്ചർ |
| 3 | ഇംഗ്ലീഷ് വായിക്കുന്നതിനുള്ള ശേഷി നേടൽ. | letter's sounds ക്രമമായി പഠിച്ച് ചെറിയ വസ്തുക്കളെക്കുറിച്ച് 5 വാക്കുകൾ ഉപയോഗിക്കുന്നു.<br>→ ചിത്രം നൽകി വിവരണം എഴുതുന്നു<br>→ ഇംഗ്ലീഷ് അസംബ്ലി | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ് ടീച്ചർ |

# കാലിക പഠനം

# കലാപഠനം

# കായികപഠനം , കലാപഠനം

| Sl No: | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| 1. | ആരോഗ്യമുള്ള തലമുറയെ വളർത്തിയെടുക്കൽ ടീം സ്പിരിറ്റ് | നാടൻകളി. പരിശീലനം, പുതിയ കളികൾ. കായിക മത്സരങ്ങൾ. | 1 വർഷം | Class Teacher. |
| 2 | കലകളിൽ അഭിരുചി ഉണ്ടാക്കുക. | കലോത്സവങ്ങൾ ബാലസഭ Class activities വാർഷികാഘോഷം. | | |
| 3 | കുട്ടികളുടെ സർഗാത്മക രചനകളുടെ പ്രദർശനം. | ബാലസഭ പ്രവർത്തനങ്ങൾ , ദിനാചരണം ക്ലാസ് പ്രവർത്തനങ്ങൾ രചനകൾ, രചനകൾ കഥ, കവിത, ചിത്രം | | PTA Teachers SMC. |

# പ്രവർത്തി പരിചയം

# പ്രവർത്തി പരിചയ പഠനം

| Sl No: | ലക്ഷ്യം | പ്രവർത്തനങ്ങൾ: | കാലം | ചുമതല |
|---|---|---|---|---|
| 1 | ചുറ്റുപാടുമുള്ള പാഴ് വസ്തുക്കളെ ഉപയോഗപ്പെടുത്തുക. | പാഴ് വസ്തുക്കളായ കുപ്പികൾ, ചിരട്ടകൾ, മുതലായവ ഉപയോഗിച്ച് കൗതുക വസ്തുക്കൾ ഉണ്ടാക്കുന്നു. ചെടിച്ചട്ടികളാക്കി തുള്ളിനനയ്ക്കായി ഉപയോഗിക്കാം. വളപ്പൊട്ടുകൾ കൊണ്ട് രൂപങ്ങൾ ഉണ്ടാക്കാം. | 3. മാസം | PTA Teachers. |
| 2 | ഒറിഗാമി പേപ്പർ ഉപയോഗിച്ച് വിവിധ രൂപങ്ങൾ ഉണ്ടാക്കാം | പേപ്പർ ഉപയോഗിച്ച് വിവിധ രൂപങ്ങൾ ഉണ്ടാക്കാം | | PTA Teachers. |

# നൈപുണി
# ശാക്തീകരണം

## ലൈബ്രറി ശാക്തീകരണത്തിന് ചെയ്യുന്ന പ്രവർത്തനങ്ങൾ

| Sl No: | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| 1 | പുസ്തക വായനയിൽ താല്പര്യമുണ്ടാക്കുക. | പിറന്നാൾ സമ്മാനം സ്കൂളിന് ഒരു പുസ്തകം പൊതുജനങ്ങളിൽ നിന്ന് പുസ്തക ശേഖരണം, അസംബ്ലിയിൽ പുസ്തകം പരിചയപ്പെടുത്തൽ | 1 year | PTA<br>SMC<br>Teachers<br>Students |
| 2 | ബാലസാഹിത്യകാരന്മാരെ പരിചയപ്പെടുത്തൽ. | ICT, CD, ചിത്രം ജീവചരിത്രം | | |

IT'

Jomo

| Sl No: | ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | കാലം |
|---|---|---|---|---|
| 1 | എല്ലാ വിദ്യാർത്ഥികൾക്കും കമ്പ്യൂട്ടർ കൈകാര്യം ചെയ്യുന്നതിനുള്ള ശേഷി നേടാൻ. | കുട്ടികളുടെ കമ്പ്യൂട്ടർ പഠന നിലവാരം കണ്ടെത്തുന്നതിന് ടെസ്റ്റ് നടത്തുന്നു. കളർ പെയിന്റ് ഉപയോഗിച്ച് ചിത്രം വരയ്ക്കാനുള്ള ശേഷി കൈവരിക്കുക. കമ്പ്യൂട്ടറും കീ ബോർഡും ശാസ്ത്രീയമായി ഉപയോഗിക്കുന്നതിനുള്ള ശേഷി നേടുക. | Teacher | 1 year (ആഴ്ചയിൽ ഒരു ദിവസം) |